ഗവേഷണകുതുകിയായ ആത്മീയാചാര്യൻ

ഡോ. ആർ. രാമൻ നായർ
ഡോ. എൽ. സുലോചനാ ദേവി

ചരിത്രം ഒരാളെ അയാളുടെ സമൂഹവുമായും, അയാളുടെ തനതു സമൂഹത്തെ അതിന്റെ ഭൂതകാലവുമായും ബന്ധപ്പെടുത്തി വെയ്ക്കുന്നു.ചരിത്രകാരൻ ഒരു മനുഷ്യാവശ്യത്തെ ശ്രദ്ധാപൂർവ്വം നിറവേറ്റുകയാണു ചെയ്യുന്നത്. ഈ സാമൂഹ്യാവശ്യമാണ് ചരിത്രപഠനത്തിനുള്ള അടിസ്ഥാനപരമായ സാധൂകരണം ചരിത്രം, സമൂഹത്തേയും അതിനകത്തുള്ള വ്യക്തിയേയും,പെരുമാറ്റരീതിയിൽ സ്വീകരിക്കുന്നതിനും, കാലദേശപരിസ്തിത്യഭിജ്ഞതയ്ക്കും, തിരിച്ചറിയലിന്റെ ബോധം സ്ഥാപിക്കുന്നതിനും സഹായിക്കുന്നു. ചരിത്രത്തിന്റെ ഈ പ്രയോജനവശങ്ങളുടെ അടിസ്ഥാനത്തിൽ സ്വാമിയുടെ ചരിത്രകൃതികളെ വിലയിരുത്തുമ്പോൾ, അത് ഇപ്പറഞ്ഞവയെയെല്ലാം പൂർണ്ണമായും തൃപ്തിപ്പെടുത്തുണ്ടെന്നു കാണാം.

പ്രാചീന ദക്ഷിണ ഭാരത ചരിത്ര ഗവേഷകൻ എന്നനിലയിൽ സ്വാമിയ്ക്ക് അതുല്യമായ ഒരു സ്ഥാനമുണ്ട്. ഇവിടെ നാം ഒരു കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കണം. കേരളത്തിന്റെ പ്രാചീന ചരിത്രം, സംസ്ക്കാരം, ഭാഷ, തത്വ ചിന്ത ഇവയെപ്പറ്റിയെല്ലാം ശാസ്ത്രീയ ഗവേഷണത്തിനു ശ്രമിച്ചവരിൽ ആദ്യപേരുകാരൻ സ്വാമിയാണ്. ഇന്ത്യയുടെ ഇതരഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ചരിത്രപരമായ രചനകൾ കേരളത്തിൽ നാമമാത്രമായിരുന്നു എന്നു കാണാം. ഈരംഗത്തെ ഏറ്റവും പ്രാചീനമായ സംഭാവനകൾ വിദേശീയരുടേതാണ്. വില്യം ലോഗൻ, ഹെർമൻ ഗുണ്ടർട്ട് തുടങ്ങിയവരെ ഓർക്കുക. വില്യം ലോഗന്റെ "മലബാർ മാന്വല"ാണ് കേരള ചരിത്രത്തെ സംബന്ധിച്ച ഏറ്റവും പ്രാചീനമായ കിടയറ്റ ശാസ്ത്രീയ ഗവേഷണ ഗ്രന്ഥം. മറ്റു ശ്രദ്ധേയമായ കൃതികൾ വൈക്കം പാച്ചുമൂത്തത്, ശങ്കുണ്ണി മേനോൻ, പത്മനാഭ മേനോൻ ഇവരുടേതാണ്. എന്നാൽ അവരെല്ലാം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് പ്രധാന സംഭവങ്ങൾ,ഭരണപരിഷ്ക്കാരങ്ങൾ,ഭരണാധികാരികളുടെ ജീവിതത്തെ സംബന്ധിച്ച കാലബദ്ധ വർണ്ണനകൾ തുടങ്ങിയവ വിവരിക്കുന്നതിലായിരുന്നു. 1913-ൽ പ്രസിദ്ധീകൃതമായ സ്വാമിയുടെ "പ്രാചീന മലയാളം" ഒന്നാം പുസ്തകം തീർത്തും വ്യത്യസ്തമായ മാനങ്ങളുള്ള കൃതിയാണ്. കേരള ഭൂമിയിലെ ആദിമനിവാസികളുടെ വലിയപൈതൃകത്തെ വെളിപ്പെടുത്തുക എന്നതായിരുന്നു ഈ കൃതിയിലൂടെ സ്വാമി ലക്ഷ്യമിട്ടിരുന്നത്. തങ്ങളുടെ മേധാവിത്വത്തെ അരക്കിട്ടുറപ്പിക്കാനായി നമ്പൂതിരിമാർ പടച്ചുവിട്ടിരുന്ന പ്രമാണഗ്രന്ഥങ്ങളെ സ്വാമി കാര്യകാരണസഹിതം തള്ളിക്കളയുന്നു. പ്രൊഫ.ഹൃദയകുമാരിയുടെ അഭിപ്രായത്തിൽ "പ്രാചീന മലയാളം' സ്വാമിയുടെ നിതിനിഷ്ഠമായ വാദഗതികളുടേയും, ചരിത്രപഠനങ്ങൾക്കുള്ള നിയതമായ രീതിശാസ്ത്രത്തിന്റേയും, വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള സൈദ്ധാന്തിക സങ്കൽപ്പങ്ങളുടേയും പ്രയോഗത്തിന്റേയും കേരളത്തിലെ ആദ്യത്തെ ഉദാഹരണങ്ങളാണ്.[4] കേരളത്തിൽ നിലനിന്നിരുന്ന അധിനിവേശ - ജന്മി - കുടിയാൻ ഭൂവുടമാ സമ്പ്രദായത്തിന്റെ ആധിപത്യത്തിനെതിരായി സമരം ചെയ്യുന്നതിനുള്ള സ്വാമിയുടെ താത്വികായുധങ്ങളായിരുന്നു ' പ്രാചീനമലയാളവും' 'വേദാധികാരനിരൂപണവും'[5] പാണ്ഡിത്യഭാസുരവും,തീക്ഷ്ണപരിഹാസ ഗർഭിതവുമായ രീതിയിൽ ബ്രാഹ്മണാധിപത്യത്തിന് അധികാരം നൽകുന്ന ചരിത്രരചനകളെ സ്വാമി അപ്പാടെ നിഷേധിയ്ക്കുന്ന കാഴ്ച വളരെ രസകരവും ഇപ്പോഴും സംഗതവുമാണ്. സ്വാമിയുടെ കൃതികളെല്ലാം ഭാരതീയ ജീവിതത്തിന്റെ വിഭിന്ന മേഖലകളെ സംബന്ധിച്ച ഏറ്റവും പ്രാചീനമായ കീഴാള വീക്ഷണ കോടികളിൽപ്പെടുന്നവയായി കണക്കാക്കേണ്ടിയിരിക്കുന്നു.

ചരിത്രത്തിലും സംസ്ക്കാരത്തിലും മാത്രം ഒതുങ്ങിനിൽക്കുന്നവയല്ല സ്വാമിയുടെ ഗവേഷണമേഖലകൾ. അതു സസ്യശാസ്ത്രം, സിദ്ധവൈദ്യം, പ്രകൃത്യാതീതമോ ആത്മലോക സംബന്ധിയോ ആയ ഗൂഢശാസ്ത്രങ്ങൾ, പ്രാദേശിക ഔഷധപ്രയോഗങ്ങൾ തുടങ്ങിയവയിലേക്കുകൂടി കടന്നു ചെല്ലുന്നു.

ചരിതം, ദക്ഷിണ ഭാരത ഭാഷകൾ, ഭാഷാശാസ്ത്രം, ഭൂമിശാസ്ത്രം ഇവയിലൊക്കെ ഗവേഷണം നടത്താനായി സ്വാമി വർഷങ്ങളോളം ചെലവഴിച്ചു. ഉപകരണസമൃദ്ധമായ ശാസ്ത്രസംഘടനകളും,പടുകൂറ്റൻ ഗ്രന്ഥശാലകളും, വലിയ

ശമ്പളം വാങ്ങുന്ന ഗവേഷകരും, വിവിധ വിജ്ഞാന മേഖലകളിലുള്ള വിദഗ്ദരും എമ്പാടും വേണ്ടുവോളമുള്ള ഈ നാളുകളിൽപ്പോലും നാം ആദരവോടെ സ്മരിക്കേണ്ട ഒരുകാര്യം,വിലകുറഞ്ഞ ഒരു പെൻസിലും, കുട്ടികൾ ഉപേക്ഷിച്ചിട്ടിരുന്ന പഴഞ്ചൻ നോട്ടുബുക്കുകളിൽ നിന്നും കീറിയെടുത്ത തുണ്ടുകടലാസ്സുകളുമായി സ്വാമി കേരളത്തിന്റെ ഇരുളടഞ്ഞ മേഖലകളിലേക്കും ദ്രാവിഡ ഭാഷകളിലേക്കും കടന്നുചെല്ലാൻ നടത്തിയ ധീരസാഹസിക പരിശ്രമങ്ങളാണ്. താൻ സംഭരിച്ച സാമഗ്രികളത്രയും സ്വാമി തന്റെ ഓർമ്മയുടെ വിപുലമായ ഭണ്ഡാഗാരത്തിൽ സൂക്ഷിച്ചു വെച്ചിരുന്നു. നാടോടി ഗാനങ്ങൾ, പ്രാദേശികാചാരങ്ങൾ, ചരിത്രകഥകൾ, ഐതിഹ്യങ്ങൾ, എല്ലാമെല്ലാം തന്റെ അസദൃശമായ ധാരാളിത്തത്തോടെയും വ്യക്തതയോടെയും ധാരണാ ശക്തിയാൽ ഭദ്രമായ മനസ്സിൽ സൂക്ഷിച്ചുവയ്ക്കുകയും അവയെല്ലാം വേണ്ട സന്ദർഭങ്ങളിൽ വേണ്ട സ്ഥലത്ത് പൂർണ്ണമായിത്തന്നെ എടുത്തു കാണിക്കുകയും ചെയ്തു. ദക്ഷിണഭാരതത്തിലെ മതം,സംസ്കാരം, ചിന്തകൾ ഇവയെ സംബന്ധിച്ച വിശ്വവിജ്ഞാനകോശം പോലെയായിരുന്നു അദ്ദേഹം. നാരായണഗുരു പറയുകയുണ്ടായി "സ്വാമിയ്ക്കറിയാത്തത് ഒന്നുമുണ്ടായിരുന്നില്ല; സ്വാമി എല്ലാം അറിഞ്ഞിരുന്നു."എന്ന്. എല്ലാ നിറങ്ങളേയും വിലോഭനീയമായ താളൈക്യപ്പൊരുത്തത്തോടെ മേളിപ്പിച്ച് വികിരണം ചെയ്യുന്ന മഴവിൽക്കൊടി പോലെ,സ്വാമിയുടെ വെട്ടിത്തിളങ്ങുന്ന ബുദ്ധി വൈഭവം എല്ലാ കലകളുടെയും സാരസത്തയെ ഉൾക്കൊള്ളുകയും പ്രതിഫലിപ്പിക്കുകയും ചെയ്തു.എന്നാൽ അതെല്ലാം പ്രകടിപ്പിക്കുന്ന കാര്യത്തിൽ മിതത്വം പാലിക്കുകയും ഉണ്ടായി നമ്മുടെ ഭാഗ്യഹീനതമൂലം അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭാസമൃദ്ധിയുടെ സീമാതീത സംഭരണിയിൽ നിന്ന് ആ ജ്ഞാനശേവധി മുഴുവൻ പുറത്തെടുത്തു വരും തലമുറകൾക്കുള്ള പൈതൃകമായി സൂക്ഷിച്ചുവെയ്ക്കാൻ അന്നത്തെ ആളുകൾ ശ്രമിക്കുകയുണ്ടായില്ല. സ്വാമിയും " ജ്ഞാനം ലോകത്തെ സംബന്ധിച്ചിടത്തോളം ഭ്രാന്താണ്; ലോകം ജ്ഞാനത്തെ സംബന്ധിച്ചിടത്തോളവും അങ്ങിനെതന്നെ" എന്നു നിരീക്ഷിച്ചിട്ടുണ്ട്.

കുഴഞ്ഞുമറിഞ്ഞ വസ്തുനിഷ്ഠതാനിബിഡമായഓരോ പ്രശ്നത്തേയുംപറ്റി വിശദാംശങ്ങൾ പൂർണ്ണമായും അന്വേഷിച്ച് അവയിൽ അന്തർലീനമായ കേന്ദ്രീകൃത സത്യം കണ്ടെത്തുന്നതിനുള്ള അസാമാന്യമായ സിദ്ധിവിശേഷം സ്വാമിക്കുണ്ടായിരുന്നു. ഗവേഷണതൽപ്പരർക്ക് അദ്ദേഹത്തിന്റ പ്രാചീന മലയാളവും ആദി ഭാഷയും കേരള ചരിത്രത്തേയും സംസ്ക്കാരത്തേയും സംബന്ധിച്ച വിവരങ്ങളുടെ അമൂല്യ ഖനികളാണ്.

ദക്ഷിണഭാരതത്തിൽ ഉപയോഗിച്ചിരുന്ന ഭാഷകളുടെ മൂലരൂപങ്ങളെപ്പറ്റിയുള്ള ഒരു ഗവേഷണപ്രബന്ധമാണ് 'ആദി ഭാഷ'.കേരളത്തിലെ ആദിമനിവാസികളെ സംബന്ധിച്ച പ്രത്യേകപരാമർശമുൾക്കൊള്ളുന്ന 'പ്രാചീന മലയാളം' കേരള ചരിത്രത്തെപ്പറ്റിയുള്ള സ്വാമിയുടെ ഗവേഷണഫലമാണ് . ഈ കൃതികൾ രണ്ടും കേരള ചരിത്രത്തേയും സംസ്ക്കാരത്തേയും അടിസ്ഥാനമാക്കിയുള്ള തുടർ ഗവേഷണങ്ങളെ സഹായിക്കുന്ന പ്രധാന ഗ്രന്ഥങ്ങളാണ്. ഇവ എഴുതിക്കഴിഞ്ഞ് അനേകദശാബ്ദങ്ങൾക്കു ശേഷം മാത്രമാണ് കേരളചരിത്രത്തേയും ഭാഷയേയും പറ്റി ശാസ്ത്രീയ ഗവേഷണം ആരംഭിക്കുന്നതുതന്നെ. ഈ കൃതികളിലൂടെ സ്വാമി ന്യായശാസ്ത്രാനുസാരം സ്ഥാപിക്കുന്നത് സംസ്കൃതത്തേക്കാൾ ഏറെ പ്രാചീനമായ ഭാഷ തമിഴ് ആണെന്നും, കേരളോൽപ്പത്തി, കേരള മാഹാത്മ്യം എന്നീ ഗ്രന്ഥങ്ങളിലൂടെ അവതരിപ്പിക്കുന്ന പരശുരാമ കഥ- അതായത് പരശുരാമനാണ് കേരളത്തെ സമുദ്രത്തിൽ നിന്നും വീണ്ടെടുത്ത് ബ്രാഹ്മണരെ വരുത്തി കേരള ഭൂമി മുഴുവൻ ബ്രാഹ്മണർക്ക് വീതിച്ചുകൊടുത്ത് അവരെ ഇവിടെ കുടിയിരുത്തിയത് എന്ന കഥ - തികച്ചും അടിസ്ഥാന രഹിതമാണെന്നും ആണ്. ഈ ഗവേഷണത്തിനായി സ്വാമി സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന വസ്തുതകളുടെ ഉറവിടം പ്രധാനമായും പ്രകാശിതങ്ങളോ അപ്രകാശിതങ്ങളോ ആയ തമിഴ് കൃതികളാണ്.വളരെ ഫലപ്രദമായ ഒരു പരാമർശന രീതിയാണ് സ്വാമി ഉപയോഗപ്പെടുത്തിയിരിക്കുന്നത്.സ്വാമിയുടെ പഠനങ്ങൾ വെളിപ്പെടുത്തുന്നത്, ബ്രാഹ്മണർ തങ്ങൾക്ക് ജീവനോപാധിയായി ലഭ്യമാകാവുന്ന ജോലി തേടി ഈ ഭൂപ്രദേശത്തേക്ക് കുടിയേറിയ വർഗ്ഗമാണെന്നും, അവർക്ക് ഈ നാട്ടിലെ മത സമ്പ്രദായങ്ങളുടെ മേലോ വിഭാവങ്ങളിലോ യാതൊരു വിധ അധികാരവും ഉണ്ടായിരുന്നില്ലെന്നുമാണ്. ഈ നാട്ടിലെ ആദിമ നിവാസികൾ നായന്മാരുംഈഴവന്മാരും അതുപോലുള്ള മറ്റു സമുദായങ്ങളുമായിരുന്നു.